കുടുംബശ്രീ ഉൽപന്നങ്ങൾ വിറ്റഴിക്കാൻ സംവിധാനങ്ങൾ

211 (7510) ശ്രീ. കെ. മുരളീധരൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. വി. റ്റി. ബൽറാം:
ശ്രീ. ഹൈബി ഈഡൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട് ; വിവരിക്കുമോ ;

(ബി) കുടുംബശ്രീ യൂണിറ്റുകൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സ്ഥിരം വിപണനകേന്ദ്രം തുടങ്ങുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം തലത്തിലാണ് കുടുംബശ്രീ സ്ഥിരം വിപണന കേന്ദ്രങ്ങൾ തുടങ്ങാൻ ഉദ്ദേശിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണം പ്രയോജനപ്പെടുത്താമോ ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) കുടുംബശ്രീ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനായി മാസചന്ത, ദിവസചന്ത, ആഴ്ചചന്ത, ഉത്സവാനുബന്ധ ചന്തകൾ (ഓണം, വിഷു, ക്രിസ്തുമസ്സ്, റംസ്സാൻ മുതലായവ) എന്നിവ കുടുംബശ്രീ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ, ദേശീയ ഫെയറുകൾ, സർക്കാർ-സർക്കാരേതര വകുപ്പുകൾ സംഘടിപ്പിക്കുന്ന ഫെയറുകൾ എന്നിവയിൽ കുടുംബശ്രീ പങ്കെടുക്കാറുണ്ട്. ഇതിനുപുറമെ, കുടുംബശ്രീ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടി കമ്മൂണിറ്റി മാർക്കറ്റിംഗ് നെറ്റ് വർക്ക് (ഹോം ഷോപ്പ്) എന്ന സംവിധാനവും നിലവിലുണ്ട്.

(ബി) കുടുംബശ്രീ യൂണിറ്റുകൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനായി ജില്ലാ ആസ്ഥാനങ്ങളിൽ സ്ഥിരം വിപണന കേന്ദ്രം തുടങ്ങുന്ന കാര്യം പരിഗണിച്ചുവരുന്നു. കോട്ടയം ജില്ലയിൽ ഏറ്റുമാനൂരിൽ ഒരു സ്ഥിരം വിപണി ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ഒരു സ്ഥിരം വിപണി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മേഖലാതലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സംയോജിച്ച് പരീക്ഷണാടിസ്ഥാനത്തിൽ വിപണന കേന്ദ്രങ്ങൾ തുടങ്ങാൻ ഉദ്ദേശിച്ചിട്ടുണ്ട്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്ഥലം കണ്ടെത്തി വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly